A3/77/2025-CLAD-Part(1)

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ്-കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ ബ്ലോക്ക് 8-ൽ റീസർവ്വേ 407/1-ൽപ്പെട്ട 50.16 ആർ സർക്കാർ ഭൂമിയിൽ മൾട്ടിപ്ലെക്സ് തീയേറ്റർ (സാംസ്കാരിക കേന്ദ്രം) നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.741/2025/CLAD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.242/2025/RD തീയതി 11.08.2025.
2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 21.10.2025 തീയതിയിലെ 300/റ്റി1/25/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ ബ്ലോക്ക് 8-ൽ റീസർവ്വേ 407/1-ൽപ്പെട്ട 50.16 ആർ സർക്കാർ ഭൂമിയിൽ മൾട്ടിപ്ലെക്സ് തീയേറ്റർ (സാംസ്കാരിക കേന്ദ്രം) നിർമ്മിക്കുന്നതിനായി, പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂവകുപ്പിൽ നിലനിർത്തിക്കൊണ്ട്; ടി ഭൂമിയുടെ ഉപയോഗാനുമതി സാംസ്കാരികകാര്യ വകുപ്പിന് നൽകി, പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര തീയേറ്റർ കോംപ്ലക്സ് പദ്ധതിയ്ക്ക് 37.5 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച കൺസെപ്റ്റ് നോട്ട് പ്രകാരം 37.5 കോടി രൂപ ചെലവ് വരുന്ന കൊട്ടാരക്കര തീയേറ്റർ സമുച്ചയ നിർമ്മാണ പദ്ധതിയ്ക്ക് (സാംസ്കാരിക കേന്ദ്രം) നവകേരളം പ്രോജക്ട് മുഖേനയുള്ള 4 കോടി രൂപ VIABILITY GAP FUND (VGF) ആയും ബാക്കി തുകയായ 33.5 കോടി രൂപ കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തിയും ആകെ 37.5 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് KSFDC മാനേജിംഗ് ഡയറക്ടർ കിഫ്ബിയിൽ സമർപ്പിക്കേണ്ടതും ടി പദ്ധതിയ്ക്ക് ധനാനുമതി നല്കുന്നതിനുള്ള നടപടികൾ KIIFB ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3251696/PU-C2/166/2025-FIN Dated 27.11.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 27-12-2025 16:09:17

പകർപ്പ് : 1) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2) സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3) സാംസ്കാരിക കാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.